# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**ശബരിമല ദേവസ്വം - തന്ത്രിയുടെ അംശാദായം വർദ്ധിപ്പിയ്ക്കുന്നത് സംബന്ധിച്ച്.**

---

നടപടി ഉത്തരവ് നമ്പർ ആർഒസി. 4813/16/ശബ തിരുവനന്തപുരം, തീയതി:29/11/2016

---

**പരാമർശം:- ദേവസ്വം കമ്മീഷണറുടെ 10.11.2016-ലെ ആർ.ഒ.സി.1102/09/ശബ നമ്പർ റിപ്പോർട്ട്.**

## ഉത്തരവ്

ശബരിമല ദേവസ്വത്തിലെ പ്രധാന വഴിപാടുകളായ പടിപൂജ, ഉദയാസ്തമന പൂജ നെയ്യഭിഷേകം എന്നിവയുടെ അംശാദായം വർദ്ധിപ്പിക്കണമെന്ന് ശബരിമല തന്ത്രിയുടെ അപേക്ഷയെ തുടർന്ന് ലഭിച്ച ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിൽ (പരാമർശം) പടി പൂജയ്ക്ക് തന്ത്രി ദക്ഷിണ 151/-രൂപ, പരികർമ്മി ദക്ഷിണ 200/-രൂപ, വസ്ത്ര വില 325/-രൂപ ദിനബത്ത 200/-രൂപ എന്നിവയുൾപ്പെടെ 876/- രൂപയാണ് അനുവദിച്ചിരുന്നതെന്നും, ആയത് തന്ത്രി ദക്ഷിണ 200/-രൂപ, പരികർമ്മി ദക്ഷിണ 250/-രൂപ, വസ്ത്ര വില 400/-രൂപ, ദിനബത്ത 250/-രൂപ എന്നിങ്ങനെ 1100/-രൂപയായി വർദ്ധിപ്പിക്കാവുന്നതാണെന്നും, ഉദയാസ്തമന പൂജയ്ക്ക് തന്ത്രി ദക്ഷിണ 251/-രൂപ, പരികർമ്മി ദക്ഷിണ 100/-രൂപ, വസ്ത്രവില 150/-രൂപ, ദിനബത്ത 250/-രൂപ, എന്നിവയുൾപ്പെടെ 751/-രൂപയാണ് ഇപ്പോൾ നൽകിവരുന്നതെന്നും, ആയത് തന്ത്രി ദക്ഷിണ 301/-രൂപ, പരികർമ്മി ദക്ഷിണ 125/-രൂപ, വസ്ത്ര വില 200/-രൂപ, ദിനബത്ത 300/-രൂപ എന്നിവയുൾപ്പെടെ 926/-രൂപയായി വർദ്ധിപ്പിക്കാവുന്നതാണെന്നും, നെയ്യഭിഷേകത്തിന്റെ അംശാദായം മുദ്ര ഒന്നിന് 0.15 പൈസ എന്നത് വർദ്ധിപ്പിക്കേണ്ടതില്ല എന്നും, 19.07.2016-ലെ ആർ.ഒ.സി.8516/16/ശബ നമ്പർ ബോർഡുത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള തന്ത്രി ദക്ഷിണ ചിലവെഴുതേണ്ടതില്ല എന്നും വിവരിച്ചിട്ടുള്ളതാണ്.

ദേവസ്വം കമ്മീഷണറുടെ ടി റിപ്പോർട്ട് ബോർഡ് വിശദമായി പരിശോധിച്ച് ശബരിമല ദേവസ്വത്തിൽ പടിപൂജയ്ക്ക് 351/-രൂപ തന്ത്രി ദക്ഷിണ, 375/-രൂപ പരികർമ്മി ദക്ഷിണ, 400/-രൂപ വസ്ത്രവില, 250/-രൂപ ദിനബത്ത എന്നിങ്ങനെ ക്രമപ്പെടുത്തി ആകെ 1376/-രൂപയും (രൂപാ ആയിരത്തി മുന്നൂറ്റി എഴുപത്തിയാറ് മാത്രം), ഉദയാസ്തമന പൂജയ്ക്ക് 501/-രൂപ തന്ത്രി ദക്ഷിണ, 250/-രൂപ പരികർമ്മി ദക്ഷിണ, 200/-രൂപ വസ്ത്രവില, 300/-രൂപ ദിനബത്ത എന്നിങ്ങനെ ക്രമപ്പെടുത്തി ആകെ 1,251/-രൂപയും (ആയിരത്തി ഇരുന്നൂറ്റി അൻപത്തിയൊന്ന് മാത്രം) ആയി വർദ്ധിപ്പിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി,
(ഒപ്പ്)
സെക്രട്ടറി

വിവരമറിവാനും വേണ്ടുന്ന മേൽ നടപടി സ്വീകരിക്കുന്നതിനുമായി പകർപ്പ്:-

1) ദേവസ്വം കമ്മീഷണർ
2) ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ
3) ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4) എക്സ്ക്യൂട്ടീവ് ആഫീസർ, ശബരിമല
5) ഇ.ഡി.പി. സെക്ഷൻ
6) സെക്ഷൻ ഫയൽ
7) ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ,
അസിസ്റ്റന്റ് സെക്രട്ടറി